Calling attention

Uncorrected/Not for publication
16-09-2025

**ശ്രദ്ധ ക്ഷണിക്കൽ**

(1) അധിക ഇറക്കുമതി തീരുവ ചുമത്തിയതിനെ തുടർന്നുള്ള പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ സമ്പദ്ഘടനയെയും ജനജീവിതത്തെയും ഏറെ ആഴത്തിൽ ബാധിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള ചുങ്കവുമായി ബന്ധപ്പെട്ട വിഷയം. 1996 കാലഘട്ടത്തിൽ കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന ആസിയാൻ കരാറായിരുന്നു നമ്മുടെ സമ്പദ്ഘടനയ്ക്കേറ്റ ആദ്യത്തെ തിരിച്ചടി. കാർഷികമേഖലയിൽ 5 ശതമാനം വാർഷിക വളർച്ചയുണ്ടായിരുന്ന സമയത്താണ് ആസിയാൻ കരാറുണ്ടായത്. അതോടുകൂടി കാർഷിക വളർച്ച അട്ടിമറിക്കപ്പെട്ടു. കേരളത്തിന്റെ വാർഷിക കാർഷിക വളർച്ച ഏകദേശം ഒരു ശതമാനത്തിലേക്ക് ഇടിഞ്ഞു. റബ്ബർ, നാളികേരം, മറ്റ് പ്ലാന്റേഷൻ വിളകൾ എന്നിവയുടെ വളർച്ചയും ഇതിന്റെ ഫലമായി നിലയ്ക്കുകയാണുണ്ടായത്. അന്ന് പിടിച്ചുനിന്ന നമ്മുടെ മറ്റ് മേഖലകളെയാണ് ഇപ്പോൾ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികാര ചുങ്കത്തിലൂടെ ഇല്ലായ്മ ചെയ്യുന്നത്. കേരളം 2024-25-ൽ ചെമ്മീൻ, മറ്റ് സമുദ്രോൽപന്നങ്ങൾ എന്നിവ 8000 കോടി രൂപയ്ക്ക് കയറ്റുമതി ചെയ്യുകയുണ്ടായി. 40 ശതമാനം കയറ്റുമതിയും

അമേരിക്കയിലേക്കായിരുന്നു. ഇന്ന് ഇന്ത്യയിൽനിന്നുള്ള 3.4 ലക്ഷം ടൺ സമുദ്രോൽപന്ന കയറ്റുമതിയിൽ ഏകദേശം 25000 ടൺ ആണ് കേരളത്തിന്റെ വിഹിതം. ഇതിലെ മുഖ്യയിനം ശീതികരിച്ച ചെമ്മീൻ ആണ്. ഇതോടൊപ്പം കണവ ഉൾപ്പെടെയുള്ള മറ്റ് ശീതികരിച്ച മത്സ്യങ്ങളും കയറ്റുമതി ചെയ്യുന്നുണ്ട്. ഇന്ന് കേരളത്തിൽ 150-ഓളം കയറ്റുമതി സ്ഥാപനങ്ങളുണ്ട്. ഏകദേശം മൂന്ന് ലക്ഷത്തോളം ആളുകൾ ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും മത്സ്യ അനുബന്ധ മേഖലയിലും തൊഴിൽ ചെയ്യുന്നവരാണ്. അമേരിക്കയിലേക്കുള്ള കയറ്റുമതി മൊത്തം മത്സ്യോൽപാദനത്തിന്റെ ചെറിയ ശതമാനമാണെങ്കിലും അത് സംസ്ഥാനത്ത് മത്സ്യ വില കുത്തനെ കുറയ്ക്കാൻ ഇടയാക്കിയിരിക്കുന്നു. ഇത് പത്ത് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ഉലയ്ക്കുകയാണ്. സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. ഇന്ത്യയിൽനിന്നുള്ള കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം 15 ശതമാനം അഥവാ 6000 കോടി രൂപയാണ്. കേരളത്തിൽനിന്നും ഏലം, മഞ്ഞൾ, കുരുമുളക്, കറുവപ്പട്ട, ജാതി തുടങ്ങിയവയാണ് കയറ്റുമതി ചെയ്യുന്നത്. അമേരിക്കയിലേക്കുള്ള ഇന്ത്യൻ

സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി ഏതാണ്ട് ഏഴായിരം കോടി രൂപയുടേതാണ്. ഇതിൽ കേരളത്തിന്റെ വിഹിതം 2500 കോടി രൂപ വരും. ഈ കയറ്റുമതിയുടെമേലാണ് ഇപ്പോൾ ട്രംപ് കൊണ്ടുവന്നിരിക്കുന്ന.....

മി. സ്പീക്കർ: പ്ലീസ്.... പോയിന്റിലേക്ക് വരൂ.....

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, തേയില, കാപ്പി തുടങ്ങിയവയുടെ കയറ്റുമതിയെയും ഈ ചുങ്കം സാരമായി ബാധിച്ചിരിക്കുകയാണ്. 2023-24-ൽ 4.572 കോടി രൂപയുടെ കയർ ആണ് ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്തത്. ഇതിൽ 42 ശതമാനം അമേരിക്കയിലേക്കാണെന്നതിനാൽ കേരളത്തിലെ കയർ വ്യവസായത്തെ അത് ഗുരുതരമായി ബാധിക്കുകയാണ്. പരമ്പരാഗത വ്യവസായമായ കശുവണ്ടി, കൈത്തറി എന്നിവ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മറ്റൊരു മേഖലയാണ്. കശുവണ്ടി പരിപ്പിന്റെ ഏറ്റവും വലിയ മാർക്കറ്റ് അമേരിക്കയാണ് (46 ശതമാനം). കശുവണ്ടിയും കയറുംകൂടി ഏകദേശം 1080 കോടിലേറെ രൂപയുടെ കയറ്റുമതി വരും. പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലും ഉപജീവനവുമാണ് ഇതുമൂലം അപകടത്തിലായിരിക്കുന്നത്.

സോഫ്റ്റ്‌വെയർ, ഫാർമസ്യൂട്ടിക്കൽ മേഖലകളെയും സാരമായി ബാധിക്കുകയാണ്. കേരളത്തിലെ സമ്പദ്ഘടനയും ജനജീവിതത്തെയും ഇത്ര ആഴത്തിൽ ബാധിക്കുന്ന ഈ പ്രശ്നത്തിനെതിരെ ശക്തമായ പ്രതിരോധമുണ്ടാകണം. ഗുരുതരമായ ഈ സാഹചര്യത്തിൽ, പ്രതിസന്ധിയിലായ കാർഷിക മേഖലയെയും പരമ്പരാഗത വ്യവസായികളെയും സംരക്ഷിക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചത്. കേരളത്തിലുണ്ടാകുന്ന സാമ്പത്തികമായ ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഏറെ സ്വാധീനമുള്ള മേഖലകളെ അമേരിക്കയുടെ പുതിയ താരിഫ് നയം ബാധിക്കുമെന്നുള്ളത് വ്യക്തമാണ്. സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി, കയർ, തേയില തുടങ്ങിയ മേഖലകളെ താരിഫ് നയം ബാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇവയെല്ലാം

നമ്മുടെ കാർഷിക, പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതിയുടെ 12-13 ശതമാനം കേരളത്തിൽനിന്നാണ്. നിലവിലുള്ള കൗണ്ടർ വെയിലിങ് തീരുവകൾക്ക് പുറമെ യു.എസ്. ആൻറി-ഡമ്പിംഗ് തീരുവകൾ 1.4 ശതമാനത്തിൽനിന്ന് 4.5 ശതമാനമായി വർധിപ്പിച്ചിട്ടുണ്ട്. __20-25 ശതമാനം പിഴ തീരുവമൂലം ചെമ്മീനിന്റെ മൊത്തം തീരുവ ഭാരം 33 ശതമാനത്തിലധികമായി ഉയരുന്നു. അമേരിക്കയിൽനിന്നുള്ള ഓർഡറുകൾ റദ്ദാക്കൽ, കോൾഡ് സ്റ്റോറേജുകളുടെ സ്റ്റോക്ക് കുമിഞ്ഞുകൂടൽ, സംസ്കരണ സംവിധാനങ്ങളുടെ ഉപയോഗനിരക്ക് 20 ശതമാനത്തിൽ താഴെയായി കുറയൽ തുടങ്ങി പ്രത്യാഘാതങ്ങൾ ഉണ്ടായാൽ ദശലക്ഷങ്ങൾ പണിയെടുക്കുന്ന ഈ മേഖലയിൽ വലിയ തോതിൽ തൊഴിൽനഷ്ടമുണ്ടാകും. ഈ മേഖലയിൽ ഭൂരിഭാഗവും വനിതകളാണ് പണിയെടുക്കുന്നത്. ഇവരുടെ ഉപജീവനമാർഗം നേരിട്ട് ഭീഷണിയിലാകും. തീരദേശ മേഖലയിൽ വലിയതോതിലുള്ള തൊഴിൽ നഷ്ടമുണ്ടാകും. ചെറുകിട, ഇടത്തരം സംസ്കരണ വ്യവസായത്തിന്റെ ഭാവി ഭീഷണിയിലാകും. ഇന്ത്യയുടെ കുരുമുളക് കയറ്റുമതിയുടെ 80 ശതമാനത്തിലധികവും കേരളത്തിൽനിന്നാണ്. ഏലം,

ഇഞ്ചി, സുഗന്ധവ്യഞ്ജന എണ്ണകൾ, ഒലിയോറെസിനുകൾ തുടങ്ങിയ മൂല്യവർധിത ഉൽപന്നങ്ങളുടെ വലിയൊരു പങ്കം ഇവിടെ നിന്നാണ്. പ്രതിവർഷം 700 മില്യൺ യു.എസ്. ഡോളറിലധികം മൂല്യമുള്ള സുഗന്ധവ്യജ്ഞന ഉൽപന്നങ്ങൾ അമേരിക്ക ഇറക്കുമതി ചെയ്യുന്നുണ്ട്. നിലവിലുള്ള തീരുവകൾ ഘട്ടംഘട്ടമായി 50 ശതമാനമായി ഉയർത്തിയത് കേരളത്തിന്റെ മത്സരശേഷിയെ ദുർബലപ്പെടുത്തും. താരിഫ് പ്രഖ്യാപനത്തിനുശേഷമുള്ള മാസങ്ങളിൽ ഓർഡറുകളിൽ 6 ശതമാനം കുറവുണ്ടായതായി കയറ്റുമതിക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഇക്കാര്യത്തിൽ നമുക്ക് വലിയ ഭീഷണിയുമാകുന്നുണ്ട്. പരമ്പരാഗത മേഖലയിലെ കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയവ എല്ലാം ഭീഷണിയുടെ നിഴലിലാണ്. നമ്മുടെ കശുവണ്ടിപ്പരിപ്പ് കയറ്റുമതിക്ക് വിയറ്റ്നാം അടക്കം വലിയ വെല്ലുവിളിയാണ്. താരിഫ് വർധനവ് മൂലം ഉപയോഗത്തിലുണ്ടാകുന്ന ഇടിവ് കയർമേഖലയ്ക്ക് ഭീഷണിയാണ്. നമ്മുടെ കരകൗശല ഉൽപന്നങ്ങൾക്ക് അമേരിക്കയിലെ ചില പ്രത്യേക വിപണികളിൽ ചില സാധ്യതകളുണ്ടായിരുന്നു. എന്നാൽ ഉയർന്ന താരിഫ് ഈ സാധ്യതകളെ

ഇല്ലാതാക്കുകയാണ്. ഏകദേശം 700 കോടി രൂപ വിലമതിക്കുന്ന കേരളത്തിന്റെ തേയില കയറ്റുമതിക്ക് യു.എസ്. വിപണിയുമായി അടുത്ത ബന്ധമുണ്ട്. അവിടെനിന്നുള്ള ഓർഡറുകളിൽ കുത്തനെ ഇടിവുണ്ടായിട്ടുണ്ട്. വർധിച്ചുവരുന്ന ഉൽപാദന ചെലവുകളും കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായുള്ള ആഘാതങ്ങളും സമ്മർദ്ദത്തിലാക്കിയിട്ടുള്ള തേയില തോട്ടങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ് യു.എസ്. താരിഫ് നയം. കേരളത്തിലെ റബ്ബർ കയറ്റുമതിയെയും താരിഫ് നയം ബാധിക്കും. മൂല്യവർധിത ഉൽപന്നങ്ങൾ വഴി മാത്രമെ ഈ പ്രതിസന്ധി മറികടക്കാൻ കഴിയൂ എന്നാണ് വിലയിരുത്തുന്നത്. പരമ്പരാഗത ഉൽപന്നങ്ങൾക്കുപുറമെ മെഡിക്കൽ, ദന്തൽ ഉപകരണങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന് ചെറിയ പങ്കുണ്ട്. ഇത് വളർന്നുവരുന്നൊരു മേഖലയാണ്. ഈ മേഖലകളെ കൂടുതൽ വികസിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകളും വേണ്ടിവരുന്നുണ്ട്. അമേരിക്കൻ ചുങ്ക നയം വ്യാപര കണക്കുകൾക്കും വരുമാനം നഷ്ടങ്ങൾക്കും അപ്പുറത്തുള്ള സാമൂഹ്യ ആഘാതങ്ങൾ കേരളത്തിലുണ്ടാക്കുമെന്നാണ് വിലയിരുത്തൽ. കയറ്റുമതി മേഖലകൾ പ്രാദേശിക സമൂഹങ്ങളുമായി ഉൾച്ചേർന്നതാണ്. തൊഴിലാളികളിൽ വലിയ പങ്ക് കയറ്റുമതി മേഖലകളിൽ

തൊഴിൽ ചെയ്യുന്നവരാണ്. അവരുടെ ഉപജീവന മാർഗ്ഗങ്ങൾ തടയപ്പെടാമെന്ന ഭീഷണി നിലനിൽക്കുന്നു. കയറ്റുമതി മേഖലയിലെ നിരവധി ചെറുകിട ഉൽപാദകരും തൊഴിലാളികളും ഈ ഭീഷണിയുടെ നിഴലിലാണ്. അമേരിക്കയിൽനിന്നുള്ള ഓർഡറുകളുടെ കുറവ്, തീരദേശ ഗ്രാമങ്ങൾ, തോട്ടം ജില്ലകൾ, പരമ്പരാഗത വ്യവസായ ക്ലസ്റ്ററുകൾ എന്നിവയിലെ വരുമാനത്തെ നേരിട്ട് ബാധിക്കും. കശുവണ്ടി കയർ, കൈത്തറി, ചെമ്മീൻ സംസ്കരണം ഉൾപ്പെടെയുള്ള മേഖലയിൽ മഹാഭൂരിപക്ഷവും വനിതകളാണ് തൊഴിലെടുക്കുന്നത്. ഇവരുടെ വരുമാനത്തിലുണ്ടാകുന്ന കുറവ് കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയെ വലിയ തോതിൽ ബാധിക്കും. താരിഫ് ആഘാതങ്ങൾ ഗ്രാമീണ ദുരിതകേന്ദ്രങ്ങൾ സൃഷ്ടിക്കും. കയറ്റുമതി നിലനിർത്തുന്നതിൽ കേരളത്തിൽനിന്നുള്ള പ്രവാസികൾക്ക് പരോക്ഷമായ പങ്കുണ്ട്. താരിഫ് നയംമൂലമുള്ള വ്യാപാര തടസ്സങ്ങൾ പ്രവാസികൾ നടത്തുന്ന ബിസിനസ്സുകളുടെ സ്ഥിരതയേയും ബാധിക്കാനിടയുണ്ട്. പ്രാദേശിക തൊഴിലവസരങ്ങളിലുണ്ടാകുന്ന ഇടിവ് കുടിയേറ്റം വർധിപ്പിക്കുന്നതിന് കാരണമാകാം. അമേരിക്ക ചുമത്തിയ പിഴ താരിഫുകൾ കേരളത്തിന്റെ വ്യാപാര തടസ്സത്തിനൊപ്പം വലിയ സാമ്പത്തിക

ആഘാതവും സൃഷ്ടിക്കും. വ്യാപാര നികുതിയിലും കേന്ദ്ര കൈമാറ്റങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിലുമാണ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ മുന്നോട്ടുപോകുന്നത്. ജി.എസ്.ടി., പൊതുകടം, പൊതുകടം വാങ്ങുന്നതിനുള്ള പരിധി നിശ്ചയിക്കൽ, തനതുനികുതി വരുമാനം ഉയർത്തൽ സാധ്യതകളുടെ കുറവ് എന്നിവമൂലം പരിമിതപ്പെട്ടിരിക്കുന്ന സംസ്ഥാനത്തിന്റെ വരുമാനമേഖല താരിഫ് നയം മൂലമുണ്ടാകുന്ന കയറ്റുമതിയുടെ ഇടിവ് കാരണം കൂടുതൽ സമ്മർദ്ദത്തിലാകും. ഏകദേശം 2500 കോടി മുതൽ 4500 കോടി രൂപയുടെവരെ നഷ്ടം ആ മേഖലയിൽ വരുമെന്നാണ് അനൗദ്യോഗിക കണക്ക്. ഇതുസംബന്ധിച്ച് ചില പഠനങ്ങൾ നടക്കുന്നുണ്ട്. താരിഫ് നയം നേരിട്ട് ബാധിക്കുന്ന കയറ്റുമതി മേഖലയിലെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പലിശയിളവോടെ കയറ്റുമതിക്കാർക്ക് കൂടുതൽ പ്രവർത്തനമൂലധനം ഉറപ്പാക്കൽ, ഐ.ജി.എസ്.ടി. റീഫണ്ടുകൾ വേഗത്തിലാക്കൽ, ഊർജ സബ്സിഡികൾ ഉറപ്പാക്കൽ, തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസ പാക്കേജുകൾ തുടങ്ങിയ അടിയന്തര നടപടി നിർദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ വലിയ

ഇടപെടൽ ആവശ്യമായ മേഖലയാണിത്. കയറ്റുമതി വൈവിധ്യവൽക്കരണം, ഡോളർ അടിസ്ഥാനമാക്കിയുള്ള കൈമാറ്റ രീതികളിൽനിന്ന് രൂപ അടിസ്ഥാനമാക്കിയുള്ള വ്യാപാര ക്രമീകരണങ്ങൾ കയറ്റുമതിക്കാർക്ക് ഉറപ്പാക്കൽ, കയറ്റുമതിക്കാർക്ക് വിപണി വിവരങ്ങൾ ലഭ്യമാക്കൽ, ബ്രാൻഡിങ് പിന്തുണ, കൂട്ടായ വിലപേശൽ ശക്തി എന്നിവ ഉറപ്പാക്കുന്നതിനുള്ള നവീന സ്ഥാപനങ്ങളുടെ രൂപീകരണം, യു.എസ്. ഇതര സ്ഥാപനങ്ങളിൽ വ്യാപാര സൗഹൃദ കേന്ദ്രങ്ങൾ തുറക്കൽ, അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കൽ തുടങ്ങിയ തന്ത്രപരമായ ഇടപെടലുകൾ ആവശ്യവുമാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ പരിപൂർണ്ണ സഹായം കൂടിയേ മതിയാകൂ. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിനുവേണ്ടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ സന്ദർശിച്ചപ്പോൾ ഈ വിഷയം സംസാരിച്ചിരുന്നു. കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് പതിനാറാം ധനകാര്യ കമ്മീഷന് അഡീഷണൽ മെമ്മോറാണ്ടം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വീണ്ടും പുതിയ എഫ്.ടി.എ.-കൾ (ഫ്രീ ട്രേഡ്

എഗ്രിമെന്റുകൾ) വരുന്നുവെന്നത് അപകടകരമായ സ്ഥിതിവിശേഷമാണ്. അക്കാര്യത്തിൽ നിയന്ത്രണം കൊണ്ടുവന്നില്ലെങ്കിൽ കേരളത്തിന്റെ പൊതുവ്യവസായത്തെയും കയറ്റുമതി മേഖലയെയും അത് സാരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നാം ഒരുമിച്ച് നിൽക്കേണ്ടതുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സംസ്ഥാനത്തെ ഏറെ ആഴത്തിൽ ബാധിക്കുന്ന ഈ വിഷയങ്ങളെ പ്രതിരോധിക്കുന്നതിനായി ബന്ധപ്പെട്ട മേഖലകളിലുള്ളവരുമായി സർക്കാർ ചർച്ച നടത്തുകയോ അതിന്റെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; അതോടൊപ്പംതന്നെ, എല്ലാ രാഷ്ട്രീയ പാർട്ടികളെയും യോജിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഒരു പ്രതിരോധം ഉയർത്തിക്കൊണ്ടുവരുന്നതിന് പരിശ്രമിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് എക്സ്പോർട്ടേഴ്സുമായി ചർച്ചകൾ നടത്തിയിരുന്നു. കൂടാതെ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻസ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ സീനിയർ ഉദ്യോഗസ്ഥർ, മുൻകാല ഉദ്യോഗസ്ഥർ, അക്കാദമീഷ്യന്മാർ, എക്സ്പോർട്ടേഴ്സ്,

ട്രേഡ് യൂണിയനുകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു റൗണ്ട് ടേബിൾ ചർച്ച നടത്തിയിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ വിഷയത്തിൽ ഒരു മൂവ്മെന്റ് കൊണ്ടുവരുന്നതിന് സർക്കാർ മുൻകൈയെടുക്കും.

(2) <u>പുറമ്പോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കൽ</u>

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> സർ, സംസ്ഥാനത്ത് പട്ടയമേളകളും പട്ടയ അസംബ്ലികളുമൊക്കെ നടക്കുമ്പോഴും ഭൂരഹിതരായ ആയിരക്കണക്കിനാളുകൾ ദീർഘകാലമായി പുറമ്പോക്ക് ഭൂമികളിൽ വീടുവച്ച് താമസിക്കുന്നുണ്ട്. പഞ്ചായത്ത് പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, മേച്ചിൽപ്പുറങ്ങൾ, വണ്ടിത്താവളങ്ങൾ, പുഴ പുറമ്പോക്ക്, ഇറിഗേഷൻ പുറമ്പോക്ക്, തീരദേശമേഖല തുടങ്ങിയ വിവിധയിടങ്ങളിൽ ആയിരക്കണക്കിനുപേർ പട്ടയത്തിനായി കാത്തിരിപ്പുതുടങ്ങിയിട്ട് വർഷങ്ങളായി. മൂന്നുതലമുറകളായി വൈദ്യുതി കണക്ഷനും വീട്ടുനമ്പരും ലഭ്യമാക്കുകയും കൈവശംവച്ച് അനുഭവിച്ചുവരുന്ന ഭൂമിക്ക് ആധികാരിക രേഖ ലഭിക്കുന്നതിനായി പുറമ്പോക്ക് ഭൂമിയിലെ താമസക്കാർ വർഷങ്ങളായി വിവിധ ഓഫീസുകൾ കയറിയിറങ്ങുകയാണ്. പട്ടയമില്ലാത്തതിനാൽ

ഇവർക്ക് കരം അടയ്ക്കാനോ വസ്തു ഈടിന്മേൽ ബാങ്ക് വായ്പ എടുക്കാനോ സാധിക്കുന്നില്ല. വിദ്യാർഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കാനാകില്ല. ആശ്രിതർക്ക് വസ്തു പ്രമാണം ചെയ്തു കൊടുക്കാനോ നിയമാനുസരണം കൈമാറ്റം ചെയ്യാനോ വിൽക്കാനോ സാധിക്കില്ല. വീടുൾപ്പെടെയുള്ള മിക്ക സർക്കാർ ആനുകൂല്യങ്ങളും ലഭിക്കില്ല. കുടിയിറക്ക് ഭീഷണിയുള്ളതിനാൽ ഒരു വീട് വയ്ക്കാനാകില്ല. ഗതിയില്ലാത്ത ആയിരങ്ങൾ സർക്കാർ കനിയുന്നതും കാത്തിരിപ്പാണ്. നവകേരള സദസ്സ് ഉൾപ്പെടെ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ജലസേചന പദ്ധതിക്കായി ഏറ്റെടുത്തതിൽ അവശേഷിക്കുന്നതോ പദ്ധതി ഉപേക്ഷിച്ചതുമൂലം ഉപയോഗരഹിതമായി കിടക്കുന്നതോ ആയ ഭൂമിയിൽ കുടിയേറി വീടുവച്ച് താമസിക്കുന്നവർ നിരവധിയാണ്. ഇങ്ങനെ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കനാൽ പുറമ്പോക്കിൽ താമസിച്ചുവരുന്നത് നിരവധി പേരാണ്. മിക്കവരും വർഷങ്ങളായി താമസിക്കുന്നവരാണ്. കല്ലട ജലസേചന പദ്ധതിയുടെ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുമെന്ന വാഗ്ദാനം പ്രഖ്യാപനത്തിൽ ഒതുങ്ങി. റവന്യൂ-ജലസേചന മന്ത്രിമാരുടെ സംയുക്ത യോഗത്തെ തുടർന്ന് ഉദ്യോഗതലത്തിൽ സംയുക്ത ചർച്ചയും നടത്തിയശേഷമാണ് കനാൽ പുറമ്പോക്കിലുള്ളവർക്ക് പട്ടയം

നൽകുമെന്ന് പ്രഖ്യാപിച്ചത്. എന്നാൽ നാളിതുവരെ ഇത് നടപ്പായില്ല. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലയിലുള്ളവരാണ് കൂടുതൽ ബുദ്ധിമുട്ടിലായത്. ചാലക്കുടിയിലും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർ നിരവധിയാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അറിവുള്ളതാണ്. ചാലക്കുടിയിൽ 70 വർഷമായി താമസിച്ചുവരുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി ഒരു വയോധിക ഓഫീസുകൾ കയറിയിറങ്ങുകയാണ്. പാറപുറമ്പോക്ക് ആയതുകൊണ്ട് പതിച്ചുനൽകാനാവില്ലെന്നാണ് അധികൃതരുടെ വാദം. ഇപ്രകാരം വൈദ്യുത വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഭൂമികളിൽ പട്ടയത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ നിരവധിയാണ്. ദീർഘകാലമായി പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്ന ഈ ഭൂരഹിതർക്ക് പൊതുതാൽപര്യം മുൻനിർത്തി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അതുകൊണ്ടുതന്നെ മറുപടി പറയുന്നതിന് വളരെ സന്തോഷമുണ്ട്. ഒൻപത്

വർഷം കൊണ്ട് 400995 പട്ടയം കൊടുത്ത അസാമാന്യമായിട്ടുള്ള ചരിത്രത്തിന്റെ അവകാശം പേറാവുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിൽ ഈ നാലുവർഷക്കാലം കൊണ്ടുമാത്രം 223945 പട്ടയങ്ങൾ വിതരണം ചെയ്തു. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നിയമപരമായും സാങ്കേതികപരമായും പതിവിന് വിധേയമല്ലാത്ത ഭൂമി പതിവിന് വിധേയമാക്കി പതിച്ച് നൽകുന്നതിനുവേണ്ടിയുള്ള നടപടികളെ സംബന്ധിച്ചാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഈ ഗവൺമെന്റാണ് പട്ടയം വിതരണം ചെയ്യുന്നതിനുവേണ്ടിയൊരു 'പട്ടയ മിഷൻ' രൂപീകരിച്ചത്. അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാർ അധ്യക്ഷൻമാരായിട്ടുള്ള പട്ടയ റവന്യൂ അസംബ്ലികളിൽ പഞ്ചായത്ത് മെമ്പർമാർ വരെയുള്ള മുഴുവൻ ആളുകളും പങ്കെടുത്ത് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. ഓരോ മണ്ഡലത്തിലും തഹസിൽദാരിൽ കുറയാത്ത ഒരു നോഡൽ ഓഫീസറുണ്ടായിരുന്നു. അവിടെ പരിഹരിക്കാൻ പറ്റാത്ത പ്രശ്നങ്ങളെല്ലാം പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി. എല്ലാ മൂന്ന് മാസത്തിലും മന്ത്രിയോ പ്രിൻസിപ്പൽ സെക്രട്ടറിയോ പങ്കെടുത്ത് പട്ടയ ഡാഷ് ബോർഡ് അദാലത്തിന് വിധേയമാക്കി. ഇതുമാത്രമല്ല, പട്ടയ ഡാഷ്

ബോർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതോടൊപ്പംതന്നെ മറ്റ് വകുപ്പുകളുടെ കയ്യിലുള്ള ഭൂമി റവന്യൂ വകുപ്പിലേക്ക് ഡീവെസ്റ്റ് ചെയ്ത് റവന്യൂ വകുപ്പ് നിയമങ്ങളെ വേഗതയിലാക്കി പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരെയുൾപ്പെടുത്തിക്കൊണ്ട് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു അപ്പെക്സ് ബോഡി രൂപീകരിക്കുകയുൾപ്പെടെ ചെയ്തു. ഈ സഭയിലിരിക്കുന്ന അംഗങ്ങൾക്ക് നിരവധിയായ അനുഭവങ്ങളുണ്ട്. ബ്രിട്ടീഷുകാർ വിലക്കിയ മഞ്ചേരിയിലെ സത്രം ഭൂമിയിൽ അമ്പതുവർഷത്തിനുശേഷം കരം ഒടുക്കാനും പട്ടയം കൊടുക്കാനും അവസരം ലഭിച്ചത് ഈ ഘട്ടത്തിലാണ്. വടക്കാഞ്ചേരിയിലെ തെലുങ്കർ കോളനി, മലപ്പുറത്തെ കൊടക്കൽ ടൈൽസ് ഫാക്ടറി, കണ്ണൂരിലെ മൊറാഴ പട്ടയം, കൊടകര വനഭൂമി തുടങ്ങിയ നിരവധി ഭൂമികളിൽ പട്ടയം നൽകാൻ കഴിഞ്ഞത് ഈ നടപടിക്രമങ്ങളുടെ ഭാഗമായാണ്. 1964-ലെ ചട്ടത്തിലെ **11(2)(viii)** പ്രകാരം പാറ പുറമ്പോക്ക് പതിച്ചുനൽകാൻ പാടില്ലെന്ന് രേഖപ്പെടുത്തിയ ഭൂമിയാണ്. പക്ഷേ പട്ടയ മിഷൻ ഈ വിഷയത്തിൽ ഒരു ക്രമീകരണമുണ്ടാക്കി. പാറ പുറമ്പോക്കുണ്ടെങ്കിലും പാറ അളന്നുമാറ്റി ബാക്കി ഭാഗം സർക്കാർ തരിശ്ശാക്കി

മാറ്റി അത് പതിച്ചുനൽകാമെന്ന നിലപാടെടുക്കുകയും അങ്ങനെ പതിച്ചുനൽകുകയും ചെയ്ത നിരവധി അനുഭവങ്ങൾ കേരളത്തിലുണ്ടായി. കൊല്ലത്ത് നവകേരള സദസ്സിന്റെ ഭാഗമായി, ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും നിൽക്കുമ്പോഴാണ് മത്സ്യത്തൊഴിലാളികളായ ഒരുസംഘം ആളുകൾ കടൽപുറമ്പോക്കിന്റെ പേരിൽ അവർക്ക് പട്ടയം കിട്ടുന്നില്ലെന്ന പ്രശ്നം ഉന്നയിച്ചത്. ഞങ്ങൾ ആസമയത്തുതന്നെ ജില്ലാ കളക്ടറെയും തഹസീൽദാരെയുമുൾപ്പെടെയുള്ളവരെ വിളിച്ച് അവിടെ കടൽ സർവെയ്ക്ക് വിധേയമാക്കി. തിരുവനന്തപുരത്തും കൊല്ലം ജില്ലയിലുമായി ആ തീരുമാനമെടുത്തതിന്റെ പേരിൽ 1750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽ പുറമ്പോക്കിൽനിന്നുമാറി ഇപ്പോൾ ഭൂമിയുടെ അവകാശികളായി മാറിയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളുൾപ്പെടെ കഡസ്ട്രൽ സർവ്വേയ്ക്കുവേണ്ടിയുള്ള അനുവാദം നൽകുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് പ്രത്യേക നന്ദിയുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മേച്ചിൽപ്പുറങ്ങൾ, വണ്ടിത്താവളങ്ങൾ, ശ്മശാനങ്ങൾ തുടങ്ങിയവ പഞ്ചായത്ത് രാജ് ആക്റ്റിന്റെ സെക്ഷൻ 279 പ്രകാരം മുനിസിപ്പൽ പഞ്ചായത്ത് അതിർത്തികൾക്ക് വെസ്റ്റ് ചെയ്യപ്പെട്ട ഭൂമിയാണ്. 16-10-2024-ലെ

54/2024/LSGD നമ്പർ ഉത്തരവ് നിലവിൽ വന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിനായി സർക്കാരിന്റെ മുമ്പാകെ വരേണ്ടതില്ലെന്നും മേച്ചിൽപ്പുറങ്ങളും വണ്ടിത്താവളങ്ങളും ശ്മശാനങ്ങളും അടിസ്ഥാനമായി ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയ ഭൂമി പഞ്ചായത്തിന്റെ എൻ.ഒ.സി.-യോടെ ജോയിന്റ് ഡയറക്ടറും കളക്ടറും ചേർന്ന് തീരുമാനമെടുക്കണമെന്നും പ്രഖ്യാപിച്ചു. അതുമായി ബന്ധപ്പെട്ട ഉത്തരവ് നടപ്പിലാക്കിയത് തൃശ്ശൂർ ജില്ലയിലെ അവണൂരിലാണെന്ന കാര്യം പ്രത്യേകം അറിയിക്കുന്നു. പ്രസ്തുത ഭൂമി ഉടനെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. നേരത്തെ പഞ്ചായത്ത് വിലകൊടുത്തു വാങ്ങിയ ഭൂമിയുണ്ടായിരുന്നു. അതിന്റെ പേര് തനത് ഭൂമി എന്നാണ്. പക്ഷെ അന്നത് ആളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുത്തിരുന്നില്ല. അത് നിയമപ്രകാരം സർക്കാരിന്റെ അനുവാദത്തോടെ ആർക്കും relinquish ചെയ്യാൻ കഴിയുമെങ്കിലും റവന്യൂ വകുപ്പിന് relinquish ചെയ്യാൻ കഴിയില്ലായിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും കൂടിചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ആ പ്രശ്നം ഇപ്പോൾ പരിഹരിച്ചു. നിലവിലെ പുതിയ ഉത്തരവ് പ്രകാരം തനതുഭൂമി സർക്കാരിലേയ്ക്ക് വരാതെ ജില്ലാതലത്തിൽതന്നെ വിതരണം ചെയ്യാമെന്ന് തീരുമാനമെടുക്കുന്നതോടെ

19,852 കുടുംബങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പട്ടയം നൽകാൻ കഴിയും എന്ന കാര്യം പ്രത്യേകമായി രേഖപ്പെടുത്തുകയാണ്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരു പ്രശ്നം കെ.ഐ.പി. ഭൂമിയുമായി ബന്ധപ്പെട്ടാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ഞാനും ധനകാര്യ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും പുനലൂർ എം.എൽ.എ.-യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വളരെ പ്രധാനപ്പെട്ട യോഗം ചേരുകയുണ്ടായി. കേരളചരിത്രത്തിൽ ആദ്യമായി കനാലിനു വേണ്ടി മാറ്റിവയ്ക്കപ്പെട്ട ഭൂമിയിൽ, കനാലിന്റെ ആവശ്യംകഴിച്ചുള്ള സ്ഥലം സ്ഥിരമായി താമസിക്കുന്നതും അർഹതപ്പെട്ടവർക്കും നൽകാമെന്ന നിലപാട് ജലവിഭവ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പും അഭിപ്രായപ്പെടുകയുണ്ടായി. അതിന്റെ ഭാഗമായി നാലു ജില്ലകളെ ബാധിക്കുന്ന പ്രശ്നത്തിന്റെ നോഡൽ ഓഫീസറായി കൊല്ലം ജില്ലയിലെ കളക്ടറെ തീരുമാനിക്കുകയും തുടർന്ന് അവിടെ അളവെടുപ്പ് പൂർത്തിയാക്കി മറ്റ് നടപടികളുമായി നാം മുന്നോട്ട് പോവുകയുമാണ്. ഇങ്ങനെ മറ്റു വകുപ്പുകളുടെ കൈവശമുള്ള ഭൂമി ആ വകുപ്പുകളുടെ അനുവാദമില്ലാതെ ഡീവെസ്റ്റ് ചെയ്ത് ലഭിക്കാതെ റവന്യൂ

വകുപ്പിന് നൽകാനാകില്ല എന്ന പ്രശ്നം നിലനിൽക്കുമ്പോഴും ജലവിഭവം, തദ്ദേശസ്വയംഭരണം, വൈദ്യുതി, പട്ടികജാതി പട്ടികവർഗ ക്ഷേമം, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ലെയ്സൺ നടത്തി റവന്യൂ വകുപ്പിലേയ്ക്ക് ആ വകുപ്പുകളുടെ അടിസ്ഥാന രേഖയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്തുകൊണ്ട് അർഹതപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഉദ്ദേശ്യശുദ്ധിയെ വളരെ സന്തോഷത്തോടെ സ്വീകരിക്കുന്നു. ദീർഘമായ കാലത്തിനുശേഷമാണ് ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ മണ്ഡലത്തിൽ 'കാട്-തരിശ്' എന്ന് രേഖപ്പെടുത്തിയ ഭൂമി ഇനം മാറ്റി പതിച്ചു കൊടുക്കാൻ തീരുമാനിച്ചത്. നേരത്തെ തോട്, കുളം എന്നൊക്കെ രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ നിലവിൽ തോടോ, കുളമോ ഉണ്ടാകില്ല. അക്കാര്യങ്ങളുടെ യാഥാർത്ഥ്യം പരിശോധിച്ച് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ സംസ്ഥാന സർക്കാരിന് ഇനംമാറ്റം നൽകിയാൽ, ഇനംമാറ്റി ബന്ധപ്പെട്ടവർക്ക് പതിച്ചു കൊടുക്കുന്നതിനുള്ള നടപടി ഉൾപ്പെടെ നടത്താം. നമുക്കെല്ലാവർക്കും ഒരുമിച്ച് അഭിമാനിക്കാൻ കഴിയുന്ന തരത്തിൽ പട്ടയ ഡാഷ്ബോർഡിലൂടെ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള വഴി കണ്ടെത്തുന്നുണ്ട്. നിയമങ്ങളും

ചട്ടങ്ങളും അക്കാര്യത്തിൽ ലഘൂകരിക്കുന്നുണ്ട്. അങ്ങയുടെ സാന്നിധ്യത്തിൽ ഒരുകാര്യം ഉറപ്പിച്ചു പറയാം. കേരള നിയമസഭ പാസ്സാക്കിയ മനുഷ്യനിർമ്മിതമായ ചട്ടങ്ങളും നിയമങ്ങളും എങ്ങനെ അർഹരായ സാധാരണക്കാർക്ക് ഉപകരിക്കുന്ന വിധത്തിൽ ഉപയോഗിക്കാമെന്നാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ഒരു അർഹതപ്പെട്ട സാധാരണക്കാരനുവേണ്ടി, അവന് ഭൂമി പതിച്ചുനൽകുന്നതിന് ലിഖിതമായിട്ടുള്ള ഏതെങ്കിലും ചട്ടത്തിലും നിയമത്തിലും മാറ്റം വരുത്തേണ്ടിവന്നാൽ അക്കാര്യത്തിൽ കേരള ഗവൺമെന്റിന് യാതൊരു മടിയും ഉണ്ടാകില്ല. അതിന്റെ ഏറ്റവും പ്രകടമായ തെളിവാണ് ഇപ്പോൾ അവതരിപ്പിച്ച ഭൂപരിധി നിയമത്തിന്റെ ഭേദഗതി എന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> സർ, നിലവിൽ നികുതി അടച്ചുവരുന്ന ഭൂമിയുടെ പട്ടയ രേഖകളും പകർപ്പും ഫയലും കക്ഷികളുടെയോ വകുപ്പിന്റെയോ പക്കൽ ലഭ്യമല്ലാത്തതിനാൽ നിരവധിപേർ പ്രയാസം അനുഭവിക്കുകയാണ്. ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാടുകുന്ന് എന്ന പ്രദേശത്ത് താമസിക്കുന്ന ഇരുപത്തോഞ്ചോളം കുടുംബങ്ങൾ

അനുഭവിക്കുന്ന പ്രയാസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ചാലക്കുടി താലൂക്കിലെ കൊരട്ടി, മേലൂർ എന്നീ സ്ഥലങ്ങളിലെ കന്നുകാലി മേച്ചിൽപ്പുറം വി.ആർ. പുരം കോളനി അടക്കമുള്ള കുളംപുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന അപേക്ഷകർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സൗകര്യാർത്ഥമുള്ള തീയതി ലഭിച്ചാൽ വി. ആർ. പുരം കോളനിയിലെ പട്ടയം അടുത്തമാസം നൽകാൻ സാധിക്കും. ബാക്കിയുള്ള എല്ലാ കാര്യത്തിലും പട്ടയ രേഖകൾ നഷ്ടപ്പെട്ടാൽ നിജസ്ഥിതി സർട്ടിഫിക്കറ്റ് മതിയാകുമെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അങ്ങ് ഉന്നയിച്ച പ്രശ്നം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.